ഈറ്റത്തൊഴിലാളികൾ

* 363. [422] ശ്രീ. എം. കെ. കേശവൻ :
,, പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് ആകെയുള്ള ഈറ്റത്തൊഴിലാളികൾ എത്ര ;

(ബി) ഈറ്റത്തൊഴിലാളികളുടെ സംഘടനകൾ എന്തെങ്കിലും നിവേദനം ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിലെ ആവശ്യങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഈറ്റത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം നടപടികൾ ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) സംസ്ഥാനത്തെ ഈറ്റ തൊഴിലാളികളുടെ കണക്ക് ഇപ്പോൾ ലഭ്യമല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഈറ്റത്തൊഴിലാളികൾക്ക് തൊഴിലും ഭേദപ്പെട്ട വേതനവും ഉറപ്പു വരുത്തുന്നതിനായി കേരളാസ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. പ്രത്യേകം ക്ഷേമപദ്ധതികൾ തൊഴിൽ വകുപ്പിൽ നിന്നും നടപ്പിലാക്കിയിട്ടില്ല.

ചേരി പരിഷ്ക്കരണ പദ്ധതികൾക്കു സഹായധനം

* 364. [423] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേരിപരിഷ്ക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് നഗരസഭകൾക്ക് സഹായധനം കൊടുക്കുന്നതിനായി നടപ്പ് സാമ്പത്തികവർഷത്തിൽ എത്ര ലക്ഷം രൂപ ബഡ്ജറിൽ വക കൊള്ളിച്ചിട്ടുണ്ട് ;

(ബി) ഇതിനായി 1980-81 മുതൽ 1984-85 വരെ എന്തു തുക ബഡ്ജറിൽ ഉൾക്കൊള്ളിച്ചിരുന്നു ;

(സി) എത്ര വീതം ഓരോ വർഷവും ചെലവഴിച്ചു ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം):

(എ) 50 ലക്ഷം രൂപ (25 ലക്ഷം രൂപ വായ്പയായും, 25 ലക്ഷം രൂപാ സഹായധനമായും).

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആൻഡ് (സി)

വർഷം	ഉൾക്കൊള്ളിച്ചിരുന്ന തുക	യഥാർത്ഥ ചിലവ്
1980-81	65,00,000	65,00,000
1981-82	65,00,000	65,00,000
1982-83	65,00,000	65,00,000
1983-84	75,00,000	80,16,000
1984-85	75,00,000	86,00,000
ആകെ	3,45,00,000	3,61,16,000

1983-84-ൽ ഈ അപ്രോപ്രിയേഷൻ വഴി സമാഹരിച്ച 5.16 ലക്ഷം രൂപയും 1984-85-ൽ കേന്ദ്ര സർക്കാരിൽ നിന്നും പ്രോൽസാഹന ഗ്രാന്റായി ലഭിച്ച 11 ലക്ഷം രൂപയും മേൽ പ്രസ്താവിച്ച ചിലവിൽ ഉൾപ്പെടുന്നു.

ആർ എൽ. ഇ. ജി. പി യ്ക്ക് കേന്ദ്രം അനുവദിച്ച തുക

* 365. [424] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വകുപ്പിന്റെ തടസ്സംമൂലം കേന്ദ്രം ആർ എൽ. ഇ. ജി. പി. യിൽ അനുവദിച്ച നൂറുകോടി രൂപ ചെലവഴിക്കാൻ സാധിച്ചില്ല എന്നതു ശരിയാണോ ;

(ബി) 1985-86 വർഷത്തിൽ തടസ്സങ്ങൾ തീർത്ത് കേന്ദ്ര സഹായം മുഴുവനും ഉപയോഗിക്കുവാൻ സർക്കാർ എന്തു നടപടികളാണ് എടുത്തത് ?

സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) നൂറുകോടിരൂപഅനുവദിച്ചിട്ടുമില്ലചെലവഴിക്കാൻ യാതൊരുവിധ ബുദ്ധിമുട്ടും പൊതുമരാമത്തുവകുപ്പിൽ നിന്നും ഉണ്ടായിട്ടുമില്ല. 1983-84, 1984-85 വർഷങ്ങളിലേക്ക് ലഭിച്ച 23 കോടി 47 ലക്ഷം രൂപയിൽ 17 കോടി 12 ലക്ഷം രൂപ 84-85 അവസാനംവരെ ചെലവഴിച്ചിരുന്നു.

(ബി) 1985-86-ൽ ലഭ്യമാകുന്നത് 17.87 കോടി രൂപയാണ്. ഈ കേന്ദ്ര സഹായം മുഴുവനും ഉപയോഗിക്കാൻ വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലാവികസന ഏജൻസികൾക്കും സ്വന്തമായി റോഡ്റോളർ, റോഡ് ടാർ ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ വാങ്ങി, പൊതുമരാമത്തു വകുപ്പിൽ നിന്നും ടാർ ലഭ്യമല്ലാത്ത സമയങ്ങളിൽ എണ്ണക്കമ്പനികളിൽ നിന്നും ടാർ നേരിട്ടു വാങ്ങാനും അനുവദിച്ചിട്ടുണ്ട്. ഭരണപരമായ പ്രശ്നങ്ങൾ പരിഹരിച്ച് പണികൾ വേഗം നടത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥൻമാർക്കു നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly